## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1345

13.07.2016-ൽ മറുപടിയ്ക്ക്.

### പോലീസിന്റെ വാഹന പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ | | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) | |
| (എ) | പോലീസിന്റെ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് മരണമടയുന്നവരുടെ സംഖ്യ ഉയരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കൃത്യമായ ചട്ടങ്ങൾ പാലിക്കാതെയുള്ള വാഹന പരിശോധനയാണ് ഇത്തരം വാർത്തകൾ സൃഷ്ടിക്കുന്നതെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ; | (ബി) | സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശങ്ങളും നിലവിലുള്ള നിയമങ്ങളും കൃത്യമായി പാലിച്ചുകൊണ്ടാണ് വാഹന പരിശോധന നടത്തി വരുന്നത്. |
| (സി) | എങ്കിൽ വാഹന പരിശോധനയുമായി ബന്ധപ്പെട്ട ഇത്തരം അത്യാഹിതങ്ങൾ പരമാവധി കുറയ്ക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (സി) | തിരക്കു കുറഞ്ഞ സ്ഥലങ്ങളിലും, നേർകാഴ്ചയുള്ള സ്ഥലങ്ങളിലും, റോഡിൽ മറ്റ് വാഹനങ്ങൾക്കോ കാൽനട യാത്രക്കാർക്കോ അസൗകര്യം ഉണ്ടാകാത്ത വിധത്തിലും വാഹനങ്ങൾ നിർത്തിപ്പിച്ച് വാഹനങ്ങളുടെ അടുത്തെത്തി ഡ്രൈവർക്കോ യാത്രക്കാർക്കോ ബുദ്ധിമുട്ട് ഉണ്ടാകാത്ത തരത്തിലുമാണ് വാഹന പരിശോധന |

നടത്തേണ്ടതെന്ന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമേ, പോലീസിന്റെ വാഹന പരിശോധന ദൂരെ നിന്നു കാണുമ്പോൾ തന്നെ, പുറകിൽ നിന്നും വാഹനം വരുന്നത് ശ്രദ്ധിക്കാതെ അപകടകരമായ രീതിയിൽ വേഗത്തിൽ വാഹനം വെട്ടിക്കുന്നതുമൂലമുള്ള അപകടങ്ങളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ